# അഖിലകേരള നായർപ്രതിനിധിസമ്മേളനത്തിൽ
## എൻ.എസ്.എസ്. ജനറൽ സെക്രട്ടറി
## ജി. സുകുമാരൻ നായരുടെ വിശദീകരണപ്രസംഗത്തിൽനിന്ന്

സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ 135-ാമത് ജയന്തി ആഘോഷം ഇക്കഴിഞ്ഞ 1, 2 തീയതികളിൽ പെരുന്ന മന്നം നഗറിൽ കൊണ്ടാടുകയുണ്ടായി. അക്ഷരാർത്ഥത്തിൽ ഈ രണ്ടു ദിനങ്ങളും മന്നം നഗരിയെ ജനസാഗരമാക്കിമാറ്റി. പതിവനുസരിച്ച് ജനുവരി 1-ന് നടന്ന അഖിലകേരള നായർപ്രതിനിധിസമ്മേളനത്തിൽ ആയിരക്കണക്കിന് കരയോഗ - വനിതാസമാജ - ബാലസമാജപ്രതിനിധികളാണ് പങ്കെടുത്തത്.

ജന്മദിനാഘോഷത്തിനു മുന്നോടിയായി സംസ്ഥാനതലത്തിൽ നടന്ന അഖിലകേരള നായർപ്രതിനിധിസമ്മേളനത്തിൽ, സമുദായം അഭിമുഖീകരിക്കുന്ന വെല്ലുവിളികളും ആനുകാലിക വിഷയങ്ങളും അടങ്ങുന്ന നാല് പ്രമേയങ്ങൾ അവതരിപ്പിക്കുകയും, അവ ഐകകണ്ഠ്യേന അംഗീകരിച്ച് കേന്ദ്രഗവണ്മെന്റിനുവേണ്ടി പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനും, സംസ്ഥാന സർക്കാരിനു വേണ്ടി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കും സമർപ്പിക്കുകയുണ്ടായി.

സംവരണം, മുല്ലപ്പെരിയാർ എന്നീ വിഷയങ്ങൾ കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും, വിദ്യാഭ്യാസം, ദേവസ്വം എന്നീ വിഷയങ്ങൾ സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആയിട്ടുള്ളതായിരുന്നു നാല് പ്രമേയങ്ങൾ.

ഇതുകൂടാതെ, ജനറൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ സർവീസ് സൊസൈറ്റിയെ സംബന്ധിച്ച പൊതുവായ സ്ഥിതിവിവരങ്ങൾ പ്രതിനിധികളുടെ അറിവിലേക്കായി താഴെപറയുംവിധം അവതരിപ്പിക്കുകയുണ്ടായി -

### സ്കൂളുകൾ

സ്കൂളുകൾ സ്ഥാപിക്കുന്ന കാര്യത്തിലാണ് നായർ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ 154 സ്കൂളുകളാണ് എൻ.എസ്.എസ്സിനുള്ളത്.

| | Aided | Un-aided | |
|---|---|---|---|
| ഹയർ സെക്കണ്ടറി സ്കൂളുകൾ | 34 | 7 | (2 എണ്ണം CBSE) |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ | 2 | | |
| ഹൈസ്ക്കൂളുകൾ | 66 | 3 | |
| ട്രെയിനിംഗ് സ്കൂളുകൾ | 4 | | |
| യു.പി. സ്കൂളുകൾ | 20 | 5 | |
| എൽ.പി. സ്കൂളുകൾ | 12 | 1 | |
| | 138 | 16 | 154 |

എട്ട് എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ, എട്ട് പുതിയ ബാച്ചുകൾ ഈ വർഷം ലഭിക്കുകയുണ്ടായി.

NSS സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി, സംസ്ഥാനതലത്തിൽ എല്ലാവർഷവും നടന്നുവരുന്ന മന്നം ട്രോഫി കലാ-കായികമേള പതിവുപോലെ ഈ വർഷവും പൂർവാധികം ഭംഗിയായി നടന്നു. 32-ാമത് മന്നം ട്രോഫി കലാ-കായികമേളയാണ് ഇത്തവണ നടന്നത്.

നമ്മുടെ വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനം, കാര്യക്ഷമത, അവയുടെ വികസനം, സംരക്ഷണം എന്നിവയ്ക്കായി എല്ലാ വിദ്യാലയങ്ങളോടും ചേർന്ന് പ്രാദേശികതലത്തിൽ വികസനസമിതികൾക്ക് രൂപംനൽകി, ഡിസംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മുള്ളൂർക്കരയിലും, അകത്തേത്തറയിലും നമുക്ക് പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾക്കായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

തിരുവനന്തപുരത്ത് മന്നം മെമ്മോറിയൽ എൻ.എസ്.എസ്. ഹൈസ്ക്കൂളിനുവേണ്ടി നിർമ്മിക്കുന്ന പുതിയ ഓഡിറ്റോറിയത്തിന്റെ പണി പൂർത്തിയായി.

### കോളേജുകൾ

നായർ സർവീസ് സൊസൈറ്റിക്ക് 25 കോളേജുകളാണ് ഉള്ളത്.

| | | |
|---|---|---|
| ആർട്സ് & സയൻസ് കോളേജ് | - | 18 |
| ബി.എഡ്. കോളേജ് | - | 3 |
| (എം.എഡ്. കോഴ്സുകൾ - 2) | | |
| പോളി ടെക്നിക് | - | 1 |
| എഞ്ചിനീയറിംഗ് കോളേജ് | - | 1 |
| ഹോമിയോ മെഡിക്കൽ കോളേജ് | - | 1 |
| കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജ് | - | 1 |
| ആകെ | - | 25 |

നമ്മുടെ കോളേജുകളുടെയും സുഗമമായ പ്രവർത്തനം, കാര്യക്ഷമത, അവയുടെ വികസനം, സംരക്ഷണം എന്നിവയ്ക്കായി എല്ലാ കോളേജുകളോടും ചേർന്ന് പ്രാദേശികതലത്തിൽ വികസനസമിതികൾക്ക് രൂപംനൽകി, ഡിസംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാലക്കാട് എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ എം.ടെക് എയിഡഡ് കോഴ്സ് പുതിയതായി ആരംഭിച്ചു.

മട്ടന്നൂർ എൻ.എസ്.എസ്. കോളേജിനോടനുബന്ധിച്ച് യു.ജി.സി. സഹായത്തോടെ നിർമ്മാണം തുടങ്ങിയ വനിതാഹോസ്റ്റലിന്റെ പണി പൂർത്തിയായി.

കുറിച്ചി ഹോമിയോ മെഡിക്കൽ കോളേജിനോടു ചേർന്ന്, കേന്ദ്രസർക്കാരിന്റെ (ആയുഷ്) സഹായത്തോടു കൂടി നിർമ്മാണം തുടങ്ങിയ പുതിയ ആശുപത്രിക്കെട്ടിടത്തിന്റെ പണി പൂർത്തിയായി.

തിരുവനന്തപുരം - കേശവദാസപുരത്ത് ആധുനികസൗര്യങ്ങളോടുകൂടിയ ഒരു സിവിൽ സർവീസ് അക്കാഡമി 2012 ജൂലൈ ആദ്യം ആരംഭിക്കത്തക്കവണ്ണം പ്രവർത്തനം നടന്നുവരുന്നു.

കൊട്ടിയത്ത് ലോ കോളേജ് (അഞ്ചുവർഷ ബി.എ. എൽ.എൽ.ബി. ഇന്റഗ്രേറ്റഡ് കോഴ്സ്) ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു.

പെരുന്ന ഹിന്ദു കോളേജിനോടു ചേർന്ന്, യു.ജി.സി.യുടെ സഹായത്തോടെ, വനിതാഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

രാജകുമാരി കോളേജിനോടു ചേർന്നും, വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് യു.ജി.സി.യുടെ അനുമതി ലഭിച്ചിട്ടുണ്ട്.

## ആശുപത്രികൾ

ശബരിമലയിലെ ഫ്രീ മെഡിക്കൽ എയ്ഡ് സെന്റർ അടക്കം 4 അലോപ്പതി ഹോസ്പിറ്റലുകളും, മൂന്ന് ആയുർവേദ ഹോസ്പിറ്റലുകളുമാണ് നമുക്കുള്ളത്.

ജനറൽ നഴ്സിംഗ് സ്കൂളുകൾ മൂന്നെണ്ണമാണ് നമുക്കുള്ളത്.

പന്തളം മെഡിക്കൽ മിഷനോടു ചേർന്ന് ജനറൽ നഴ്സിംഗ് സ്കൂളിനുവേണ്ടി പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

പന്തളത്തും ചങ്ങനാശ്ശേരിയിലും നിർമ്മിച്ചുവരുന്ന മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുടെ പണി അവസാനഘട്ടത്തിലാണ്.

കുമ്മണ്ണൂരിൽ പുതിയ ആയുർവേദ ആശുപത്രി ഉടൻ പ്രവർത്തനം ആരംഭിക്കും.

## സംഘടനാശാഖ

ഈ വർഷം പുതിയതായി രജിസ്റ്റർ ചെയ്യപ്പെട്ട 34 കരയോഗങ്ങളടക്കം 5196 കരയോഗങ്ങളും, പുതിയ 77 വനിതാസമാജങ്ങളടക്കം 4397 വനിതാസമാജങ്ങളും, 60 പുതിയ ബാലസമാജങ്ങളുൾപ്പെടെ 2577 ബാലസമാജങ്ങളുമാണ് സംഘടനാശാഖയുടെ കീഴിൽ പ്രവർത്തിക്കുന്നത്. 59 താലൂക്ക് യൂണിയനുകൾ ഇവയെ സർവീസ് സൊസൈറ്റിയുമായി ബന്ധിപ്പിക്കുന്നു.

## തോട്ടങ്ങൾ

എട്ടു തോട്ടങ്ങളാണ് നായർ സർവീസ് സൊസൈറ്റിക്കുള്ളത്. റബ്ബർ, ഏലം, കാപ്പി, കശുമാവ്, തെങ്ങ്, കമുക് എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ. അവ ആദായകരമായി നടക്കുന്നു.

പനത്തടിയിൽ 120 ഏക്കർ സ്ലോട്ടർ ടാപ്പിംഗ് നടത്തി, അവിടെ പുതിയ റബ്ബറും കശുമാവും കൃഷിചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എടത്തനാട്ടുകര - പാലപ്പുറത്ത് പഴയ കശുമാവുകൾ വെട്ടിമാറ്റി, 40 ഏക്കറിൽ റബ്ബർ കൃഷി ചെയ്യുന്നതിനുള്ള പ്രാരംഭജോലികൾ നടക്കുന്നു.

പട്ടാഴിത്തോട്ടം - പോളി ടെക്നിക്കിനോട് അനുബന്ധിച്ച് 20 ഏക്കർ സ്ഥലത്ത് പുതിയ റബ്ബർ കൃഷിക്കുള്ള നടപടി ആരംഭിച്ചു.

## പ്ലാനിംഗ് & ഡെവലപ്പ്മെന്റ്

ഈ വകുപ്പിനു കീഴിൽ 16 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളാണ് ഉള്ളത്.

ആറ്റിങ്ങലിൽ ഒരു പുതിയ ഹോസ്റ്റലിനുകൂടി അപേക്ഷ നൽകിയിട്ടുണ്ട്.

ഈ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.

തൃശൂരിൽ ഒരു ബാലഭവനും പ്രവർത്തിക്കുന്നു.

## സോഷ്യൽ സർവീസ്

സാമ്പത്തികരംഗത്തും തൊഴിൽരംഗത്തും സംഘടനാരംഗത്തും സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കരയോഗാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള വനിതാ സ്വയംസഹായസംഘങ്ങൾ 16,000 എണ്ണമാണ് നമുക്കുള്ളത്.

| | |
|---|---|
| അംഗങ്ങൾ | - 3 ലക്ഷത്തിൽപരം |
| സംഘാംഗങ്ങളുടെ സമ്പാദ്യം | - 160 കോടി രൂപാ |
| തനതു വായ്പ | - 140 കോടി രൂപാ |
| ബാങ്ക് വായ്പ | - 240 കോടി രൂപാ |
| ആകെ | - 540 കോടി രൂപാ |

ഈ തുക വിനിയോഗിച്ച്, 1134 ചെറുകിട തൊഴിൽസംരംഭങ്ങളും 1825 ഡയറി യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലിങ്കേജ് ലോണും നൽകിവരുന്നു.

സംസ്ഥാനതലത്തിൽ ജൈവപച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിലുള്ള നാലു താലൂക്കുകളിലായി ആറര ലക്ഷം രൂപയുടെ ജൈവപച്ചക്കറിക്കൃഷിക്കു തുടക്കമിട്ടു. ഗുണഭോക്താക്കൾ ഒന്നരലക്ഷം രൂപാ മുടക്കിയപ്പോൾ ഗവണ്മെന്റ് അഞ്ചുലക്ഷം രൂപയ്ക്കുള്ള വിത്ത്, വളം, കീടനാശിനി, ഉപകരണങ്ങൾ എന്നിവ നൽകി.

സമുദായത്തിൽനിന്നുതന്നെ ബ്രാഹ്മണ്യമുള്ള പൂജാരിമാരെ രൂപപ്പെടുത്തുന്നതിന് ചെങ്ങന്നൂർ ആസ്ഥാനമാക്കി തന്ത്രവിദ്യാപീഠം പ്രവർത്തിക്കുന്നുണ്ട്.

## ഹ്യൂമൻ റിസോഴ്സസ്

59 താലൂക്ക് യൂണിയനുകളിലും അവബോധനക്ലാസ്സുകൾ നടന്നു. പ്രീമാരിറ്റൽ കൗൺസിലിംഗ്, വ്യക്തിത്വവികസനക്ലാസ്സുകൾ, കരിയർ ഗൈഡൻസ് തുടങ്ങി ഇരുപത് ഇന അവബോധനപ്രവർത്തനങ്ങൾ കരയോഗതലം വരെ എത്തിക്കുന്നതിന് താലൂക്കുതലത്തിൽ ഹ്യൂമൻ റിസോഴ്സസ് സെന്ററുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചു.

അതിലേക്ക് വിവിധ രംഗങ്ങളിലെ പ്രഗത്ഭരായ 530 ഫാക്കൽറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു.

ഫാക്കൽറ്റി അംഗങ്ങളുടെ രണ്ട് മേഖലായോഗങ്ങളും, സംസ്ഥാനതലയോഗവും നടന്നു.

ഫാക്കൽറ്റി അംഗങ്ങളുടെ ജില്ലാതലയോഗങ്ങൾ, ട്രെയിനേഴ്സ് ട്രെയിനിംഗ് എന്നിവ ആരംഭിച്ചു.

അവർക്കുള്ള പരിശീലന പാഠ്യപുസ്തകം, പ്രവർത്തനമാർഗ്ഗരേഖ എന്നിവ പ്രസിദ്ധീകരിച്ചു.

ഹ്യൂമൻ റിസോഴ്സസ് സെന്ററുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ഓരോ താലൂക്കിലും സെന്ററിന്റെ ഔപചാരികമായ ഉദ്ഘാടനങ്ങൾ നടത്തിവരികയാണ്.

* * * * * *

കൂടാതെ, നായർ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ യഥാവിധി നിർവഹിക്കുന്നതിന് സഹായകരമായ തരത്തിൽ അക്കൗണ്ട്സ്, മരാമത്ത്, സർവേ & ലാൻഡ് റിക്കാർഡ്സ്, ലീഗൽ എന്നീ വകുപ്പുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## പൊതുവിഷയങ്ങൾ

* നമ്മുടെ നിവേദനത്തെ തുടർന്ന്, മന്നം ജയന്തി ദിനം, നായർസമുദായത്തിൽപ്പെട്ട സർക്കാർ - അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്കും, അദ്ധ്യാപകർക്കും നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായി. കൊച്ചിൻ ദേവസ്വം ബോർഡും, ഗുരുവായൂർ ദേവസ്വവും സർക്കാർ ഉത്തരവിനെതുടർന്ന് ജനുവരി 2 നിയന്ത്രിത അവധി പ്രഖ്യാപിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡാകട്ടെ ആ ദിവസം പൊതുഅവധി ആയിട്ടാണ് പ്രഖ്യാപിച്ചത്. ഗുരുവായൂർ ദേവസ്വവും പിന്നീട് പൊതുഅവധി ആയി പ്രഖ്യാപിച്ചു.

* സംവരണകാര്യത്തിൽ എൻ.എസ്.എസ്സിന്റെ ശക്തമായ നിലപാടിനെ തുടർന്ന് സർക്കാർ, സംസ്ഥാനതലത്തിൽ മുന്നാക്കസമുദായക്ഷേമകോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

* അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ ഫീസ് പിരിവിന്റെ നിയന്ത്രണം നമ്മുടെ സ്കൂളുകളുടെ നടത്തിപ്പിനെ സാരമായി ബാധിച്ചിരുന്നു. എന്നാൽ ന്യൂനപക്ഷങ്ങളുടെ സ്കൂളുകൾക്ക് ഈ നിയന്ത്രണം ബാധകമായിരുന്നുമില്ല. നമ്മുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സർക്കാർ ആ വ്യവസ്ഥ മാറ്റുകയുണ്ടായി.

* നമ്മുടെ സ്കൂളുകളിൽ പി.എസ്.സി. പരീക്ഷ നടത്തുന്നതിലേക്ക് ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഒന്നുംതന്നെ ലഭിച്ചിരുന്നില്ല. നമ്മുടെ ശക്തമായ എതിർപ്പിനെ തുടർന്ന് അത് ഇപ്പോൾ അനുവദിക്കുകയുണ്ടായി.

* കരമന സ്കൂളിനോടു ചേർന്ന് സീവേജ് പമ്പ് സ്റ്റേഷൻ നിർമ്മിക്കാനുള്ള സർക്കാരിന്റെ അക്വസിഷൻ നടപടിക്കെതിരെ പ്രതികരിച്ചതിനെതുടർന്ന്, സർക്കാർ നടപടി പിൻവലിച്ചു.

* സെക്രട്ടേറിയറ്റ് നടയിലുള്ള എൻ.എസ്.എസ്. വക കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി.

* ഗുരുവായൂർ ക്ഷേത്രത്തോടു ചേർന്നുള്ള സ്ഥലമെടുപ്പു നടപടി നിർത്തിവയ്പിച്ചു.

* ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കളുടെ സംരക്ഷണകാര്യത്തിൽ, ക്ഷേത്രത്തിന് അനുകൂലമായ ശക്തമായ നിലപാട് സ്വീകരിച്ചു.

* ദേവസ്വം ബോർഡുകളിലെ നിയമനത്തിനായി റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന എൻ.എസ്.എസ്സിന്റെ ആവശ്യം സർക്കാരിനു സമർപ്പിച്ചു. അതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിരിക്കുകയാണ്.

* വിവാഹധൂർത്തിനെതിരെ പ്രചരണം ആരംഭിച്ചു. സമൂഹത്തിൽനിന്നും നല്ല പ്രതികരണം അതിനു ലഭിക്കുകയും ചെയ്തു.

* മുല്ലപ്പെരിയാർവിഷയത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ചു.

* സാമൂഹ്യക്ഷേമപദ്ധതിയുടെ ഭാഗമായി, നിർദ്ധനരായ സമുദായാംഗങ്ങൾക്ക് ധനസഹായമായി നൽകാൻ 2 കോടി രൂപയാണ് ഈ വർഷം നായർ സർവീസ് സൊസൈറ്റി അനുവദിച്ചത്. അതിൽ ഒരുകോടി അറുപതു ലക്ഷത്തി രണ്ടായിരം രൂപ താഴെപ്പറയുന്ന ഇനങ്ങളിലായി ഇതുവരെ നൽകിക്കഴിഞ്ഞു. വിതരണം തുടരുകയാണ്.

| | | |
|---|---|---|
| വിദ്യാഭ്യാസധനസഹായം | - | 63,32,000 രൂപ |
| ചികിത്സാധനസഹായം | - | 23,60,000 രൂപ |
| വിവാഹധനസഹായം | - | 21,10,000 രൂപ |
| ഭവനനിർമ്മാണധനസഹായം | - | 52,00,000 രൂപ |
| | | 1,60,02,000 രൂപ |

* * * * * *

നായർ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചത് അന്ധവിശ്വാസങ്ങളാലും, അനാചാരങ്ങളാലും, ദുർവ്യയങ്ങളാലും അധഃപതനത്തിലേക്കു കൂപ്പുകുത്തിക്കൊണ്ടിരുന്ന നായർസമുദായത്തെ ഉദ്ധരിക്കാൻ വേണ്ടിയാണ്. എന്നാൽ ആ കാലഘട്ടത്തിലെ സാമൂഹ്യപശ്ചാത്തലങ്ങളെ വെല്ലുന്ന തരത്തിലുള്ള ചില അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും, ദുർവ്യയങ്ങളും ഇന്നും തുടരുന്നു. ഉത്സവാഘോഷങ്ങൾ നടത്തിയും, ഭക്തിയുടെ മറവിൽ നടക്കുന്ന തട്ടിപ്പുകളിൽ ഇരകളായും, വിവാഹാദികർമ്മങ്ങൾക്കുള്ള ദുർവ്യയങ്ങളിൽ കുടുങ്ങിയും സമുദായം ഇന്നും നട്ടംതിരിയുകയാണ്. ഇതിനെതിരെ സമുദായം ജാഗ്രത പുലർത്തുകയും, ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് കൂട്ടായ പ്രവർത്തനമാണ് വേണ്ടത് എന്ന ആഹ്വാനത്തോടെയാണ് ജനറൽ സെക്രട്ടറിയുടെ വിശദീകരണപ്രസംഗം അവസാനിച്ചത്. ☸